## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4945 22.05.2017 -ൽ മറുപടിക്ക്**

**എൻ.എച്ച് 47 വീതികൂട്ടൽ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നാഷണൽ ഹൈവേ 47 വികസനത്തിനായി റോഡിന്റെ ഇരുവശത്തുനിന്നും 7.5 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിന് മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാന സർക്കാർ അംഗീകരിച്ച അലൈൻമെന്റ് അനുസരിച്ചാണ് എൻ.എച്ച്-47 ന്റെ വികസനത്തിനുള്ള സ്ഥലമെടുപ്പ് നടത്തുന്നത്. റൈറ്റ് ഓഫ് വേ (RoW) 45 മീറ്റർ ലഭിക്കത്തക്ക വിധത്തിൽ പരമാവധി സ്ഥലങ്ങളിലും റോഡിന്റെ മധ്യഭാഗത്ത് നിന്ന് ഇരുവശങ്ങളിലേയ്ക്കും തുല്യ അളവിലാണ് സ്ഥലം ഏറ്റെടുക്കുന്നത്. |
| (ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പുതിയ അലൈൻമെന്റനുസരിച്ച് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കൊട്ടിയം മുതൽ കടമ്പാട്ട്കോണം വരെയുള്ള നാഷണൽ ഹൈവേയുടെ വികസനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) & (സി) & (ഡി) ദേശീയപാതാ 47 ന്റെ വികസനത്തിന്റെ ഭാഗമായി കൊട്ടിയം ജംഗ്ഷനിൽ 1.14 കി.മീ, ചാത്തന്നൂർ ജംഗ്ഷനിൽ 910 മീറ്റർ പാരിപ്പള്ളി ജംഗ്ഷനിൽ 683 മീറ്റർ വീതം ദൈർഘ്യമുള്ള ഫ്ലൈഓവറുകൾ നിർമ്മിക്കാനാണ് ദേശീയപാതാ അതോറിറ്റി ഓഫ് ഇൻഡ്യ ഉദ്ദേശിച്ചിട്ടുള്ളത്. തുടർന്നുള്ള ഭാഗങ്ങളിൽ ഇരു വശങ്ങളിൽ നിന്നും തുല്യ അളവിൽ സ്ഥലമെടുത്തുള്ള വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) പുതിയ അലൈൻമെന്റനുസരിച്ച് ഒരു വശത്തുനിന്നുമാത്രം ഭൂമി ഏറ്റെടുക്കുന്നതിനെതിരെ പൊതുജനങ്ങൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | |
| (ഡി) പൊതുജനങ്ങളുടെ പരാതിയ്ക്കടിസ്ഥാനമായ കാര്യങ്ങളുടെ നിജസ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | |

S. Bindu

**സെക്ഷൻ ഓഫീസർ**